


ആളൂർ ആർ.എം.എച്ച്.എസിലെ പത്താം ക്ലാസ്സ് വിദ്യാർത്ഥിനി **അജിത സി.ജി.** അതിരപ്പിള്ളിയെക്കുറിച്ച് എഴുതിയ കവിത.

# അവസാനയാത്ര

ഹേ പുഴയേ, കണ്ടുഞാൻ നിന്നവസാനയാത്ര
മനുജന്റെ വഴക്കുകൾക്കിടയിലില്ലാതായ നിന്നന്ത്യയാത്ര
ലോകത്തിനു നീയേ കീ ജീവന്റെ ജലം
ലോകം നിനക്കായേകി മലിനജലം
ബുദ്ധിജീവിയെന്ന ഹന്തപൂണ്ട മനുഷ്യൻ
തീർത്തു നിനക്കായ് അവസാനയാത്ര
കടലും പുഴയും ജലപാതങ്ങളും
കുളവും കിണറും എല്ലാമായ നിന്നെ
കാൺമതെങ്ങനെയിനി ഞാൻ
കല്പിച്ചത് നിനക്കന്ത്യയാത്രയല്ല
നാളത്തെ തലമുറയീ ലോകത്ത് വരുമ്പോൾ
നിൻനല്ലോർമ്മകളല്ലാതെന്തു നൽകും ഞാൻ
നീയിന്നു ജീവജലമായ് പക്ഷിമൃഗാദികൾക്കെല്ലാം
നാളെ നീയെവിടെ നിന്നന്ത്യയാത്രയായില്ല
വർഷകാലവും തുലാവർഷവുമായെല്ലാ
വർഷവും വന്നിരുന്ന നിന്നവസാനയാത്ര
വേദനയോടെ കാണുന്നു ഞാൻ
വിങ്ങുന്ന മനസ്സിലുച്ചരിക്കുന്നു നന്ദി; മാപ്പ്